9116
20/4/17

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ചേർത്തല നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം വഴിയായി കാണിച്ച് സ്വകാര്യ വ്യക്തി കെട്ടിടം നിർമ്മിച്ചത് - ശ്രീ. കെ.ജി. അപ്പുക്കുട്ടൻ നായർ, റിട്ട.1-ാം ഗ്രേഡ് ഓവർസിയർ,- ശ്രീ. എസ്.കെ. ജ്യോതി മുൻ നഗരസഭാ എഞ്ചിനീയർ എന്നിവർക്കെതിരെ സ്വീകരിച്ച നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.1121/17/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 10/04//2017.

പരാമർശം:-1. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ട്രൈബ്യൂണൽ സെക്രട്ടറിയുടെ 30.12.2008 ലെ D No.2440/08 നമ്പർ കത്ത്.

2. 15.02.2010 തീയതിയായുള്ള 50223/ഇയു1/09/എൽ.എസ്.ജി.ഡി. നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും
3. ശ്രീ.എസ്.കെ.ജ്യോതി 08.04.2010-ൽ സമർപ്പിച്ച എതിർവാദപത്രിക.
4. ശ്രീ. കെ.ജി. അപ്പുക്കുട്ടൻ നായർ 21.04.2010-ൽ സമർപ്പിച്ച എതിർവാദപത്രിക.
5. 28.05.2011, 14.07.2011 എന്നീ തീയതികളിലെ 50223/ഇയു1/09/എൽ.എസ്.ജി.ഡി. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. ശ്രീ. കെ.ജി. അപ്പുക്കുട്ടൻ നായർ 03.10.2011-ൽ സമർപ്പിച്ച മറുപടി.
7. ശ്രീ.എസ്.കെ.ജ്യോതി 08.02.2013-ൽ സമർപ്പിച്ച മറുപടി.
8. ചീഫ് എൻജിനീയറുടെ 26.09.2012, 23.08.2016 എന്നീ തീയതികളിലെ ഇ 12/1604/10/സി.ഇ/തസ്വഭവ നമ്പർ കത്ത്.
9. സ.ഉ(സാധാ) നം.2018/2011/തസ്വഭവ തീയതി 25/08/2011.

<u>**ഉത്തരവ്**</u>

ചേർത്തല നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം വഴിയായി കാണിച്ച് സ്വകാര്യ വ്യക്തിക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് മുൻസിപ്പൽ എഞ്ചിനീയർ ശ്രീ. എസ്.കെ. ജ്യോതി, ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. അപ്പുക്കുട്ടൻ നായർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകിയിരുന്നു. ആയതിന് ടി ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദപത്രികയുടെ അടിസ്ഥാനത്തിൽ മുൻസിപ്പൽ എഞ്ചിനിയറായിരുന്ന ശ്രീ. എസ്.കെ. ജ്യോതിയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ തടയുന്നതിന് KCS(CC&A) Rules, 1960 പ്രകാരവും റിട്ടയേഡ് ഓവർസിയർ ശ്രീ. അപ്പുക്കുട്ടൻനായരുടെ പെൻഷനിൽ നിന്നും 200/- രൂപ വീതം രണ്ടു വർഷത്തേക്ക് തടയുന്നതിന് KSR, Part III ചട്ടം59(b) പ്രകാരവും താൽക്കാലിക തീരുമാനമെടുക്കുകയും കുറ്റാരോപിതർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

ശ്രീ. അപ്പുക്കുട്ടൻ നായർ സമർപ്പിച്ച മറുപടിയിൽ ശ്രീ. മോഹൻദാസ് മേനോൻ എന്നയാളുടെ വസ്തുവിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ച അപേക്ഷയിൽ നഗരസഭാ വക സ്ഥലത്തിന്റെ വടക്കേ വശത്തുകൂടി 4 മീറ്റർ വഴി പ്ലാനിൽ കാണിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ മുമ്പാകെ ഫയൽ സമർപ്പിക്കുന്നതിന് ശുപാർശ നൽകുകമാത്രമേ ചെയ്തിട്ടുള്ളൂവെന്നും 16.02.2004 ൽ കൂടിയ കൗൺസിൽ വിശദമായ ചർച്ചക്കുശേഷം കൗൺസിലിന്റെ 9-ാം നമ്പർ തീരുമാനപ്രകാരം ടി വഴി അനുവദിക്കുകയും ചെയ്ത ശേഷം സെക്ഷനിൽ നിന്ന് തന്റെയടുത്തെത്തിയ ഫയലിലാണ് താൻ പെർമിറ്റിന് ശുപാർശ ചെയ്തതെന്നും ടി ശുപാർശ അനുസരിച്ച് മുനിസിപ്പൽ എഞ്ചിനിയറും മുനസിപ്പൽ സെക്രട്ടറിയുമാണ് പെർമിറ്റ് അനുവദിച്ചതെന്നും മേൽ വിഷയത്തിൽ നഗരസഭാ കൗൺസിലിനേയും മേലുദ്യോഗസ്ഥരെയും അനുസരിക്കുക മാത്രമേ താൻ ചെയ്തിട്ടുള്ളൂവെന്നും ആകയാൽ തന്നെ ശിക്ഷണ നടപടികളിൽ നിന്നൊഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്..

ചേർത്തല നഗരസഭ 4-ാം വാർഡിൽ കനകാലയത്തിൽ ശ്രീ. ബി. മോഹൻദാസ് മേനോന്റെ അപേക്ഷ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ വഴിയില്ല എന്ന് കണ്ട്, നിരസിച്ച് വിവരം കക്ഷിയെ അറിയിക്കാൻ ശുപാർശ ചെയ്തിരുന്നുവെങ്കിലും പിന്നീട് നഗരസഭ വക ടൗൺഹാളിലേയ്ക്കുള്ള വഴി മേൽ സൂചിത നിർമ്മാണങ്ങൾക്ക് കൂടി ഉപയോഗിക്കാമെന്ന നഗരസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകേണ്ടതായി വന്നതെന്നും, ഇതിനായി മുനിസിപ്പൽ എഞ്ചിനിയർ യാതൊരു നിർദ്ദേശവും ശുപാർശയും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നും സ്ഥലം കൈമാറ്റമല്ല മറിച്ച് നഗരസഭയുടെ അനുവാദം മാത്രമാണ് നൽകിയിട്ടുള്ളതെന്നും ശ്രീ. എസ്.കെ. ജ്യോതി പരാമർശം 3, 5 പ്രകാരം അറിയിച്ചിട്ടുണ്ട്. ഇതേ വഴി മുൻപ് നഗരസഭാ തീരുമാനപ്രകാരം മറ്റു നിർമ്മിതികൾക്ക് വഴിയായി അനുവദിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭയുടെ അനുമതിയുള്ള വഴി നിർമ്മാണങ്ങൾക്ക് കൂടി ലഭ്യമാക്കത്തക്ക വിധത്തിലുള്ള നഗരസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിഗണനയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുത്തിട്ടുള്ളത്. വഴിയുടെ ഉടമസ്ഥാവകാശം ഒരു തരത്തിലും കൈമാറ്റം ചെയ്യപ്പെട്ടതായി അംഗീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഉത്തമവിശ്വാസത്തിലും സ്വാഭാവിക നീതിയുടെ അടിസ്ഥാനത്തിലും നഗരസഭാ തീരുമാനം അനുസരിച്ചുകൊണ്ടു മാത്രം എടുത്തിട്ടുള്ള നടപടികളിൽ പിഴവുണ്ടായിട്ടുണ്ടെങ്കിൽ സദയം

മാപ്പാക്കി ശിക്ഷണ നടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ശ്രീ. എസ്.കെ. ജ്യോതി അഭ്യർത്ഥിച്ചിട്ടുണ്ട്.

ചേർത്തല നഗരസഭയിൽ ബിൽഡിംഗ് ഇൻസ്പെക്ടറായിരുന്ന കാലയളവിൽ കെട്ടിട നിർമ്മാണത്തിനായി ലഭിച്ച അപേക്ഷയിൽ നിർദ്ദിഷ്ട കെട്ടിടത്തിലേക്കുള്ള വഴി നഗരസഭാ വക സ്ഥലമായതിനാൽ ഫയൽ, കൗൺസിലിന്റെ അംഗീകാരത്തിന് ശുപാർശ ചെയ്യുക മാത്രമാണ് ശ്രീ. കെ.ജി. അപ്പുക്കുട്ടൻനായർ ചെയ്തിട്ടുള്ളതെന്നും നഗരസഭാ വക സ്ഥലം കൈമാറ്റം ചെയ്യുകയോ കൈയൊഴിയുകയോ (കേരള മുനിസിപ്പാലിറ്റീസ് ആക്ട് - 215) ചെയ്തിട്ടില്ലാത്തതിനാലാണ് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതിരുന്നതെന്നും പരാമർശം 8 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നഗരസഭ കൗൺസിൽ ടി കെട്ടിടത്തിലേക്ക് നഗരസഭയുടെ സ്ഥലത്തുകൂടി വഴി കണക്കാക്കി നിർവഹണം നടത്തുന്നതിനു അനുമതി നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ അനുമതി നൽകിയത്. ആയതിനാൽ ജീവനക്കാർ കുറ്റക്കാരല്ല എന്നും ചീഫ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുറ്റാരോപിതർ ലഭ്യമാക്കിയ മറുപടിയും ചീഫ് എൻജിനീയറുടെ റിപ്പോർട്ടും പരിശോധിച്ചതിൽ സർക്കാരിന്റെ അനുമതി ആവശ്യമുള്ള ഒരു വിഷയത്തിൽ അക്കാര്യത്തിന് നടപടിയൊന്നും സ്വീകരിക്കാതെ മുൻസിപ്പൽ കൗൺസിലിന്റെ അംഗീകാരത്തോടെ മുനിസിപ്പാലിറ്റി വക വഴി പ്ലാനിൽ കാണിച്ചുകൊണ്ട് സ്വകാര്യ വ്യക്തിയുടെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുക വഴി ശ്രീ. എസ്.കെ. ജ്യോതി, മുൻസിപ്പൽ എഞ്ചിനീയറുടെ ഭാഗത്ത് നിന്നു കേരള മുനിസിപ്പൽ ആക്ട് 215(1) ന്റെ ലംഘനം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. ഈ വിഷയത്തിൽ നഗരസഭ സർക്കാരിന്റെ അനുമതി പിന്നീട് തേടിയിരുന്നു എന്നതിൽ നിന്നും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ലായിരുന്നു എന്ന വാദഗതി ശരിയല്ലെന്ന് വ്യക്തമായിട്ടുണ്ട്. കൂടാതെ ഇതേ ആരോപണം നേരിട്ട മുനിസിപ്പൽ സെക്രട്ടറിയുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി പരാമർശം 9 പ്രകാരം തീർപ്പാക്കുകയുമുണ്ടായി. അതേ സമയം റിട്ടയേഡ് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ. കെ.ജി. അപ്പുക്കുട്ടൻനായർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വലിയ വീഴ്ച വരുത്തിയതായി കാണുന്നില്ല മാത്രമല്ല ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേർത്തല മുൻസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ. എസ്.കെ. ജ്യോതിയുടെ (നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ) ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ടും റിട്ട. ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ. കെ.ജി. അപ്പുക്കുട്ടൻനായർക്കെതിരെ സ്വീകരിച്ച നടപടി ഒഴിവാക്കിക്കൊണ്ടും ടി ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
അഡീഷണൽ സെക്രട്ടറി

1. ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. കെ.ജി. അപ്പുക്കുട്ടൻനായർ, റിട്ട. ഫസ്റ്റ് ഗ്രേഡ് ഓവർസിയർ (ചീഫ് എൻജിനീയർ മുഖേന)
3. ശ്രീ. എസ്.കെ. ജ്യോതി, എക്സിക്യൂട്ടീവ് എഞ്ചിനീയർ
4. സെക്രട്ടറി, ചേർത്തല നഗരസഭ.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
6. വെബ് &ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ